**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ്- ജലസേചന വകുപ്പിന് കീഴിലുള്ള വിവിധ സബ് ഡിവിഷനുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർമാരുടെയും വിവിധ മേഖലാ തല കാര്യാലയങ്ങളിലെ സൂപ്രണ്ടിംഗ് എഞ്ചിനിയർമാരുടെ പേഴ്സണൽ അസിസ്റ്റന്റ്മാരുടെയും പേരിൽ ദേശസാൽകൃത ബാങ്കിൽ പൂജ്യം ബാലൻസ് കറന്റ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി -പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം. 6053/2018/ധന.** തിരുവനന്തപുരം, തീയതി **17/07/2018**

പരാമർശം:-
1. സ.ഉ. (സാധാ) നം. 387/2018/ധന. തീയതി 17.01.2018
2. സ.ഉ. (സാധാ) നം. 1127/2018/ധന. തീയതി 14.02.2018
3. ചീഫ് എഞ്ചിനീയറുടെ 22.05.2018 ലെ എഫ് 6-32004/2017 നമ്പരായുള്ള കത്ത്.
4. ഭരണ വകുപ്പ് ഫയൽ നം.WRD-A3/148/2018-WRD Computer no. 886488

**ഉത്തരവ്**

ജലസേചന വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനിയർമാരുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ പൂജ്യം ബാലൻസ് കറന്റ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി പരാമർശ 2 പ്രകാരമുള്ള ഉത്തരവിൽ ലഭ്യമായിട്ടുണ്ടെന്നും എന്നാൽ ചെറുകിട ജലസേചന വകുപ്പിലെ വിവിധ സബ് ഡിവിഷൻ ഓഫീസുകളിലും ടെണ്ടർ ഫോം വിൽപ്പന, ലേല വിൽപ്പന എന്നിവ നടക്കുന്നുണ്ടെന്നും ടി തുകകൾ ഡിവിഷൻ ഓഫീസുകളിൽ എത്തിച്ച് കണക്കുകളിൽ ചേർത്ത് ട്രഷറിയിൽ അടയ്ക്കുന്നതിന് കാലതാമസവും പ്രായോഗിക ബുദ്ധിമുട്ടുകളും ഉണ്ടാകുന്നതിനാൽ ഈ വകുപ്പിലെ വിവിധ സബ് ഡിവിഷനുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർമാരുടെയും വിവിധ മേഖലാ തല കാര്യാലയങ്ങളിലെ സൂപ്രണ്ടിംഗ് എഞ്ചിനിയർമാരുടെ പേഴ്സണൽ അസിസ്റ്റന്റ്മാരുടെ പേരിലും ജി. എസ്. ടി. രജിസ്ട്രേഷനും അനുബന്ധ പണമിടപാടുകൾക്കുമായി ദേശസാൽകൃത ബാങ്കിൽ പൂജ്യം ബാലൻസ് കറന്റ് അക്കൗണ്ടും ആരംഭിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് ചീഫ് എഞ്ചിനീയർ പരാമർശത്തിലെ കത്തിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ജി. എസ്. ടി. രജിസ്ട്രേഷനും അനുബന്ധ പണമിടപാടുകൾക്കുമായി വേണ്ടി മാത്രം, ജലസേചന വകുപ്പിന് കീഴിലുള്ള വിവിധ സബ് ഡിവിഷനുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർമാരുടെയും വിവിധ മേഖലാ തല കാര്യാലയങ്ങളിലെ സൂപ്രണ്ടിംഗ് എഞ്ചിനിയർമാരുടെ പേഴ്സണൽ അസിസ്റ്റന്റ്മാരുടെയും പേരിൽ ദേശസാൽകൃത ബാങ്കിൽ പൂജ്യം ബാലൻസ് കറന്റ് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മുകളിൽ പരാമർശിച്ച സർക്കാർ ഉത്തരവ് ഇപ്രകാരം പരിഷ്കരിച്ചിരിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും, തിരുവനന്തപുരം
ജലസേചന (എ) വകുപ്പ് (ഇ-ഫയൽ WRD-A3/148/2018-WRD Computer no. 886488)
ധന(അഗ്രി-ബി/Inspection NT-A) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ